# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

## പത്രക്കുറിപ്പ്

കാലിക്കറ്റ് സർവ്വകലാശാലയുടെ 2022-23 അധ്യയന വർഷത്തെ ഏകജാലക സംവിധാനം മുഖാന്തരമുള്ള ബി.എഡ്. പ്രവേശനത്തിന്റെ (കൊമേഴ്സ് ഓപ്ഷൻ ഒഴികെയുള്ള) ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും മാർഡേറ്ററി ഫീസായ

എ) എസ്.സി/എസ്.ടി/ഒ.ഇ.സി. വിഭാഗം – 115 രൂപ

ബി) മറ്റുള്ളവർ – 480 രൂപ

20.09.2022 ന് പകൽ 4 മണിക്കകം അടച്ച് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ സ്ഥിരം/താൽക്കാലിക അഡ്മിഷൻ എടുക്കേണ്ടതാണ്.

മാൻഡേറ്ററി ഫീസ് അടച്ച് അഡ്മിഷൻ എടുക്കാത്തവർക്ക് നിലവിൽ കിട്ടിയിരിക്കുന്ന അലോട്ട്മെന്റ് നഷ്ടപ്പെടുന്നതാണ്. ഈ വിദ്യാർത്ഥികളെ തുടർന്നുള്ള അലോട്ട്മെന്റുകൾക്ക് പരിഗണിക്കുന്നതല്ല.

ഫസ്റ്റ് ഓപ്ഷൻ ലഭിച്ചവർ അഡ്മിറ്റ് കാർഡ് എടുത്ത് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ സ്ഥിരം അഡ്മിഷൻ എടുക്കണം. ലഭിച്ച ഓപ്ഷനിൽ തൃപ്തരായവർ എല്ലാ ഹയർ ഓപ്ഷനുകളും ക്യാൻസൽ ചെയ്ത് അഡ്മിറ്റ് കാർഡ് എടുത്ത് സ്ഥിരം അഡ്മിഷൻ എടുക്കണം. ഹയർ ഓപ്ഷനുകളിലേക്ക് അലോട്ട്മെന്റ് ലഭിക്കാൻ ആഗ്രഹിക്കുന്നവരും മാൻഡേറ്ററി ഫീസ് അടച്ചവരുമായ വിദ്യാർത്ഥികൾ അലോട്ട്മെന്റ് കാർഡ് എടുത്ത് നിർബന്ധമായും അലോട്ട്മെന്റ് ലഭിച്ച കോളേജിൽ താൽക്കാലിക അഡ്മിഷൻ എടുക്കണം. താൽക്കാലിക അഡ്മിഷൻ എടുക്കുന്നവർ യാതൊരു ഫീസും കോളേജിൽ അടവാക്കേണ്ടതില്ല.

സ്ഥിരം അഡ്മിഷൻ എടുക്കുന്നവർക്ക് TC ഒഴികെയുള്ള എല്ലാ അസ്സൽ രേഖകളും പ്രവേശന ദിവസം തന്നെ തിരിച്ച് വാങ്ങാവുന്നതാണ്.

മാനേജ്മെന്റ്/റാങ്ക് ലിസ്റ്റ് വഴിയുള്ള ഭിന്നശേഷി ഉൾപ്പെടെയുള്ള പ്രവേശനത്തിന് മാൻഡേറ്ററി ഫീ അടയ്ക്കുന്നതിനുള്ള സൗകര്യം രണ്ടാം അലോട്ട്മെന്റിന് ശേഷം ലഭിക്കുന്നതാണ്.

ഹയർ ഓപ്ഷൻ നിലനിർത്തുന്നവർ തുടർന്നുള്ള അലോട്ട്മെന്റിൽ ഹയർ ഓപ്ഷൻ ലഭിക്കുന്നപക്ഷം നിർബന്ധമായും ആയത് സ്വീകരിക്കേണ്ടതാണ്.

ഫോൺ – 0494 2407017, 2660600

(ഒപ്പ്)

ഡയറക്ടർ

C.U. Campus
17.09.2022